"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് ശ്രീമതി സബിത ജി. ക്ക് സ്ഥലംമാറ്റത്തെ തുടർന്ന് ജോലിയിൽ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് ക്രമവത്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1037/2026/LSGD തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025 ലെ LSGD/PD/1785/2025-DEA3 നമ്പർ ഉത്തരവ്
2. OA (EKM) No. 972/2025 ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 01/07/2025 ലെ ഉത്തരവ്.
3. ശ്രീമതി സബിത ജി. യുടെ 08.07.2025 ലെ കത്ത്.
4. തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10.07.2025 ലെ LSGD/JD/TSR/461/2023-A11 നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം.2232/2025/LSGD തീയതി 18/09/2025
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2025ലെ LSGD/PD/21814/2025-DEA3 നമ്പർ ഉത്തരവ്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.11.2025ലെ LSGD/PD/21814/2025-DEA3 നമ്പർ ഉത്തരവ്
8. ശ്രീമതി സബിത ജി. യുടെ 20.11.2025 ലെ അപേക്ഷ
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.12.2025, 22.04.2026 തീയതികളിലെ LSGD/PD/21814/2025-DEA3 നമ്പർ കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം തൃശ്ശൂർ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി സബിത ജി. യെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റി

ഉത്തരവായിരുന്നു. നിലവിലെ തസ്തികയിൽ നിന്നും വിടുതൽ വാങ്ങി **02.07.2025** ന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് ഹാജരായെങ്കിലും പ്രസ്തുത തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ കെ.പി. മോഹൻദാസ്, ടിയാനെ തൃശ്ശൂർ ദേശമംഗലം ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച നടപടിക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA(EKM) 972/2025** മ്മേലുള്ള പരാമർശം **(2)** ഉത്തരവ് പ്രകാരം **2** മാസത്തേക്ക് ടിയാനെ നിലവിലെ സ്റ്റേഷനിൽ തുടരുവാൻ നിർദ്ദേശിച്ചിരുന്നതിനാൽ ശ്രീമതി സബിത ക്ക് സേവനത്തിൽ പ്രവേശിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് **08.07.2025**-ന് പ്രവേശനകാലം പൂർത്തിയാകുന്നതാണെന്നും തനിക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നുമുള്ള വിവരം ശ്രീമതി സബിത ജി. പരാമർശം **(3)** പ്രകാരം തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറെ അറിയിക്കുകയും പ്രസ്തുത വിവരം പരാമർശം **(4)** പ്രകാരം തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

**2) OA (EKM) No. 972/2025** മ്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ **01/07/2025** ലെ ഉത്തരവ് നടപ്പിലാക്കി പുറപ്പെടുവിച്ച പരാമർശം **(5)** ഉത്തരവിനെ തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം **(6)** ഉത്തരവ് പ്രകാരം ശ്രീ മോഹൻദാസ് കെ. പി. ക്ക് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും തുടർന്ന് ശ്രീമതി സബിത ജി. **24.09.2025** ന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ സീനിയർ സൂപ്രണ്ടായി സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

**3)** തൃശ്ശൂർ ജില്ലാപഞ്ചായത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് ഹാജരായ **02.07.2025** മുതൽ ടി കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചത് വരെയുള്ള **84** ദിവസത്തെ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് പരാമർശം **(7)** പ്രകാരം ഉത്തരവായിരുന്നു.

**4)** ശ്രീമതി സബിത ജി. **31/05/2026** ന് സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ ടെർമിനൽ സറണ്ടർ മുഖേന ലഭിക്കുന്ന തുക വിരമിക്കുന്ന വ്യക്തിക്ക് എത്രമാത്രം സാമ്പത്തിക ക്ലേശം ഒഴിവാക്കുന്നതാണെന്നുള്ള വസ്തുത കണക്കിലെടുത്ത്, **02.07.2025** മുതൽ **23.09.2025** വരെയുള്ള **84** ദിവസം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം **(7)** ഉത്തരവ് റദ്ദ് ചെയ്ത് ടി കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന ശ്രീമതി സബിത ജി. യുടെ പരാമർശം **(8)** അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(9)** പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

**5)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി സബിത ജി.

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കാനെടുത്ത കാലയളവിൽ, 02.07.2025 മുതൽ 07.07.2025 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായും 08/07/2025 മുതൽ 23.09.2025 വരെയുള്ള കാലയളവ് കെ.എസ് ആർ ഭാഗം 1, ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായും ക്രമപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സബിത ജി., സീനിയർ സൂപ്രണ്ട്, ജില്ലാപഞ്ചായത്ത്, തൃശ്ശൂർ
*(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
(തിരുവനന്തപുരം/തൃശ്ശൂർ)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ
ധനകാര്യ വകുപ്പ് *(02-02-2026 ലെ e-3381663/ഡെവ-1/3/2026-ധന പ്രകാരം)*
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഇപിബി1/317/2025-തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 20-05-2026 16:02:23
സെക്ഷൻ ഓഫീസർ